
2024
സെപ്റ്റംബർ
വാല്യം 17 | ലക്കം 9
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



Chavara Matrimony.com
Connecting Hearts

# നല്ലൊരു ആലോചനയാണ്!

കല്യാണാലോചന
ചാവറ മാട്രിമണിയിൽ




Fr. Anil Philip CMI Director | Johnson C. Abraham Executive Director

Chavara Family Welfare Centre
H.O Chavara Cultural Centre, Kochi
99617 44444 | 0484 40 80 333 | 1800 103 4080

29 Branches in Kerala, Bangalore, Coimbatore, Mumbai & Delhi

KOTTAYAM
Call us 9995 777 601

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2024 SEPTEMBER | Registered Newspaper. Reg. No: KERMAL/2008/24745 | VOL.17 ▪ No.9

## താളുകൾ മറിക്കുമ്പോൾ

04 എഡിറ്റോറിയൽ

06 പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2024–ലെ ലോക പ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

14 പാത്തെർ നോസ്തെർ

19 സ്വവർഗ്ഗ ലൈംഗിക ബന്ധത്തെ സഭ അംഗീകരിക്കുന്നു എന്ന് വാദിക്കുന്നവരോട്...

23 ലോഗോസ് ക്വിസ് 2024

24 തിരുബാലസഖ്യം

25 ഇടവക വാർത്തകൾ

31 വി.എസ്.എസ്.എസ്. വാർത്തകൾ

EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Dr. Fr. Chacko Puthenparembil**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at **Good Shepherd Press**, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial



# സെപ്റ്റംബർ സഹനത്തിന്റെ മാസം

**വി**ശുദ്ധ കുരിശിനായി അല്ലെങ്കിൽ വ്യാകുലമാതാവിനായി സമർപ്പിക്കപ്പെട്ട മാസമാണ് സെപ്റ്റംബർ. സെപ്റ്റംബറിന്റെ മദ്ധ്യത്തിൽ വരുന്ന രണ്ടു തിരുനാളുകളാണ് അതിനു കാരണം. സെപ്റ്റംബർ 14 -ാം തിയതി നമ്മുടെ കർത്താവിന്റെ സഹനത്തിന്റെ പ്രതീകമായ വി.കുരിശിന്റെ മഹത്വീകരണ തിരുനാൾ നാം കൊണ്ടാടുന്ന, പിറ്റേദിവസം സെപ്റ്റംബർ 15-ാം തിയതി പരിശുദ്ധ ദൈവമാതാവിന്റെ സഹനത്തിന്റെ തിരുന്നാൾ, വ്യാകുലാംബികയുടെ തിരുനാൾ നാം ആഘോഷിക്കുന്നു.എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരോട് ചേർന്ന് നടന്നപ്പോൾ കർത്താവ് അവരോട് പറഞ്ഞ വചനമാണ് ഇവിടെ ശ്രദ്ധയിൽ വരുക. 'ക്രിസ്തു ഇതെല്ലാം സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടിയിരുന്നില്ലേ?' (ലൂക്കാ. 24:26 ) യേശുവും മറിയവും മഹത്വത്തിലേക്ക് പ്രവേശിച്ചത് തങ്ങളുടെ സഹനത്തിലൂടെയാണ് (ഫിലിപ്പി. 2:8-9; ലൂക്കാ 1:48). സഹനമാണ് നമുക്ക് മഹത്വത്തിലേക്കുള്ള വഴി. എന്തും നേടണമെങ്കിൽ എന്തിനെയും അതിജീവിക്കണമെങ്കിൽ നാം സഹിക്കേണ്ടിയിരിക്കുന്നു. മനുഷ്യരുടെ ഏത് അനുഭവത്തിലും സഹനമുണ്ട്. സ്നേഹത്തിൽ സഹനമുണ്ട്, വിജയത്തിൽ സഹനമുണ്ട്, ശുശ്രൂഷയിൽ സഹനമുണ്ട്, വളർച്ചയിൽ സഹനമുണ്ട്, ആരോഗ്യത്തിലേക്ക് കടന്നുവരുന്നതിൽ സഹനമുണ്ട്. സഹനങ്ങളിൽ നിന്ന് അകന്ന് നിൽക്കുന്നതും, സഹനത്തെ അകറ്റി നിറുത്തുന്നതും സ്നേഹത്തെ ത്യജിക്കലാകാം. രക്ഷയെ ത്യജിക്കലാകാം, വിശുദ്ധിയെ ത്യജിക്കലാകാം. സഹനത്തിലൂടെയാണ് സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, സംതൃപ്തിയുടെയും അനുഭവത്തിലേക്ക് കടന്നുവരാനാവുന്നത്.

ഇപ്പോൾ പലതരത്തിലുള്ള സഹനത്തിലൂടെയാണ് മനുഷ്യവർഗം കടന്നുപോകുന്നത്. വയനാട്ടിലെ പ്രകൃതിദുരന്തം, മണിപ്പൂരിലെ അക്രമങ്ങൾ, ബംഗാളിലും യു.പി.യിലും നടക്കുന്ന ബലാത്സംഗങ്ങളും, കൊലകളും ക്രൂരതകളും, ഗാസയിലെയും യുക്രെയിനിലെയും യുദ്ധക്കെടുതികൾ, അപകടങ്ങൾ, രോഗങ്ങൾ, പീഡനങ്ങൾ, വ്യാധികൾ, പട്ടിണി ഇങ്ങനെ പോകുന്നു യാതനകളുടെ, സഹനത്തിന്റെ നീണ്ടനിര. ഇവിടെയെല്ലാം ആശ്വാസത്തിനായി അതിജീവനത്തിനായി തിരിയാവുന്നതാണ് കർത്താവായ യേശുവിലേക്കും കന്യാമറിയത്തിലേക്കും. നമ്മുടെ സഹനങ്ങളെയെല്ലാം അവരുടെ സഹനങ്ങളോടോന്ന് ചേർത്ത്, നമ്മുടെ സഹനങ്ങളിൽ അവർ നമ്മോട് കൂടെയുണ്ട് എന്ന് ബോദ്ധ്യപ്പെട്ട്, അവർ അനുഭവിച്ച സഹനങ്ങളെ തങ്ങളുടെ സമ്പൂർണ്ണ സ്നേഹത്തിലൂടെയും ഏറ്റവും അനുസരണയോടെയും പൂർണ്ണ സമർപ്പണത്തിലൂടെയും അതിജീവിക്കാൻ സാധിച്ചതുപോലെ നമുക്കും ഏത് സഹനത്തെയും അതിജീവിക്കാനാകുമെന്നുറച്ച് നാം ജീവിതത്തിൽ മുന്നേറണം.

സഹനത്തെ എങ്ങനെ നാം നോക്കിക്കാണുന്നു, നേരിടുന്നു എന്നതിനെ ആശ്രയിച്ചാണ് സഹനത്തിലൂടെ നാം മഹത്വത്തിലേക്കോ അതോ തകർച്ചയിലേക്കോ മുന്നേറുന്നത് എന്ന് തിരിച്ചറിയാനാവുക. വിരോധത്തോടും, വെറുപ്പോടും, നിരാശയോടും, ഭയത്തോടും കൂടെ ഏവരെയും, ദൈവത്തെപ്പോലും പഴിപറഞ്ഞും പിറുപിറുത്തും കൊണ്ട് സഹനത്തെ നേരിടാൻ പോയാൽ അത് നമ്മെ നാശത്തിലേക്കും തകർച്ചയിലേക്കുമാണ് നയിക്കുക. എന്നാൽ ദൈവാത്മാവിന്റെ പ്രചോദനത്താലും, പ്രേരണയാലും, ശക്തിയാലും നിറഞ്ഞ് ക്രിസ്തുവിന്റ ചൈതന്യത്താൽ പൂരിതരായി വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടും കൂടെ സഹനത്തെ സമീപിക്കാനും നേരിടാനും അതിജീവിക്കാനും തയ്യാറാകുമ്പോൾ അത് നമ്മെ വിജയത്തിലേക്കും, മഹത്വത്തിലേക്കും നിത്യജിവനിലേക്കും നയിക്കും.

ശാരീരികമോ, വൈകാരികമോ, മാനസികമോ, ബുദ്ധിപരമോ, സാമൂഹികമോ, സാമ്പത്തികമോ, ആദ്ധ്യാത്മികമോ ആയ സഹനങ്ങളെയെല്ലാം അതിജീവിച്ചു മുന്നേറാൻ യേശുനാഥൻ നമ്മെ പ്രചോദിപ്പിക്കുകയും നമുക്ക് വേണ്ടി മദ്ധ്യസ്ഥം വഹിക്കുകയും ചെയ്യുമാറാകട്ടെ. സെപ്റ്റംബർ 8-ാം തിയതി നാം ആഘോഷിക്കുന്ന നമ്മുടെ സ്വർഗ്ഗീയ അമ്മയുടെ ജനനത്തിരുന്നാളിന്റെ മംഗളങ്ങളും അനുഗ്രഹങ്ങളും ഏവർക്കും ഹൃദയപൂർവ്വം നേരുന്നു. സെപ്റ്റംബർ 29-ാം തീയതി നാം ആഘോഷിക്കുന്ന മുഖ്യദൂതന്മാരുടെ തിരുന്നാളിൽ വിശുദ്ധരായ മിഖായേലും, ഗബ്രിയേലും, റഫായേലും നമുക്ക് ദൈവീകസംരക്ഷണവും, ദൈവദൂതും, സമ്പൂർണ്ണ സൗഖ്യവും നൽകുമാറാകട്ടെ.

*- പത്രാധിപർ*

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ
## 2024-ലെ ലോക പ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

**ഒക്ടോബർ 20, 2024**

പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ (മത്താ. 22:9 കാണുക)

---

പ്രിയ സഹോദരീസഹോദരന്മാരേ,

**ഈ** വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22:1-14 കാണുക). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോട് പറഞ്ഞു, "അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ."' (വാ. 9). ഉപമയുടെയും യേശുവിന്റെതന്നെ ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ ഈ, നിർദേശം വിചിന്തനവിഷയമാക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകൾ നമുക്ക് വിവേചിച്ചറിയാനാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലിക പ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും. എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മക സഞ്ചാരത്തിന്റെ ഏതാണ്ട് അവസാന ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താവിഷയം, "കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം" എന്നതും ആണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമ ദൗത്യത്തിനു പുനഃരൂന്നൽകൊടുക്കാനാണ് ശ്രമിക്കുന്നത്, അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

1. "**പോയി; ക്ഷണിക്കുവിൻ**" കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിതദൗത്യം.

രാജാവ് തന്റെ സേവകരോട് കൽപ്പിച്ച രണ്ടു വാക്കുകൾ പ്രേഷിതദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു; "പുറത്തേക്കു പോകുക," "ക്ഷണിക്കുക" എന്നീ രണ്ട് ക്രിയകൾ.

ആദ്യത്തേതിനെക്കുറിച്ച് പറഞ്ഞാൽ, അതിഥികൾക്ക് ക്ഷണം നൽകാനായി സേവകർ മുമ്പ് അയക്കപ്പെട്ടിരുന്നതായി നാം ഓർക്കണം (വാ. 3-4 കാണുക). പ്രേഷിതദൗത്യം എന്നു പറയുന്നത്, എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനു വേണ്ടിയാണത്. അത് അക്ഷീണമായ

പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങിപുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചു കൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശവാഹകനുമായ യേശുക്രിസ്തു ഇസ്രായേൽജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെയുള്ള ആടിനെപോലും അന്വേഷിച്ചു കണ്ടെത്താൻ (യോഹ 10:16 കാണുക). തന്റെ ഉത്ഥാനത്തിനു മുമ്പും പിമ്പും അവിടന്ന് തന്റെ ശിഷ്യരോട് പറഞ്ഞു, "പോകുവിൻ," അങ്ങനെ അവിടന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ 16:15 കാണുക). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തതപുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തികൾവരെ പോകുന്നത് തുടർന്നുകൊണ്ടിരിക്കും. അത് അവൾ ആവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന പ്രവൃത്തി ആയിരിക്കും. പ്രതിസന്ധികളുടെയും തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃരാജ്യങ്ങൾവിട്ട വിദൂരദേശങ്ങളിലേക്കു പോയി സദ്വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയ സ്നേഹിതരേ, "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ജനതകളോടുള്ള, (*Ad Gentes*) പ്രേഷിതദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ അതിർത്തികൾവരെ സുവിശേഷവൽകരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാളവുമായ പ്രേഷിതദൈവവിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർത്ഥിക്കുകയും അതോടൊപ്പം ദൈവവിളികൾക്ക് ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യംനൽകിക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രിക പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിസ്മരിക്കാൻ പാടില്ല. അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയുള്ളവനോടൊപ്പം ഇന്നത്തെ ലോകത്തിന്റെ ''നാൽകവലകളി''' ലേക്ക് കടന്നുചെല്ലാനാവും. ''സഭയിൽ ഇന്നു നടക്കുന്ന യാഥാർത്ഥ്യം യേശു ഉള്ളിൽനിന്ന് 'Manos' വാതിലിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്, തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു "തടവറ സൃഷ്ടിക്കുന്ന സഭയായി മാറുന്നു; അത് നാഥനെ പുറത്തേക്കിറങ്ങാൻ സമ്മതിക്കുന്നില്ല;

അവിടത്തെ നാം "നമ്മുടേതാക്കി മാത്രം" സൂക്ഷിക്കുന്നു; യഥാർഥത്തിൽ അവിടന്ന് ഒരു ദൗത്യവുമായാണ് വന്നത്; നാമെല്ലാവരും പ്രേഷിതദൗത്യം പേറുന്നവർ ആകണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു'" (*അല്മായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നൽകിയ പ്രഭാഷണം, ഫെബ്രുവരി 18, 2023*). ക്രൈസ്തവികത ഉദയംചെയ്ത കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിതമുന്നേറ്റം ഉദ്ഘാടനം ചെയ്യപ്പെടുംവിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച് നവമായി ഇറങ്ങിപുറപ്പെടാൻ തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്ക് തിരികെവന്നാൽ, സേവകരോട് ആജ്ഞാപിച്ചത് 'പോകാൻ' മാത്രമായിരുന്നില്ല; മറിച്ച്, "ക്ഷണിക്കാനും" ആയിരുന്നു. "വിവാഹവിരുന്നിനു വരുക" (മത്ത 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവില്ലാത്ത മറ്റൊരു വശം കാണാനാകും. അതായത്, നമുക്ക് സങ്കൽപ്പിക്കാവുന്നതുപോലെ, അടിയന്തര പ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോടൊപ്പം വലിയ ആദരവോടും ദയയോടുംകൂടിയും. അതേരീതിയിൽതന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുക എന്ന ദൗത്യം പേറുന്നവർ തങ്ങൾ പ്രഘോഷിക്കുന്ന ആളിന്റെ "ശൈലി" നിശ്ചയമായും അനുകരിക്കേണ്ടതാണ്. "മരിക്കുകയും മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം" (സുവിശേഷത്തിന്റെ സന്തോഷം, 36) ലോകത്തോടു പ്രഖ്യാപിക്കുന്ന പ്രേഷിതശിഷ്യർ, തങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോഷത്തോടും മഹാമനസ്കതയോടും ഉദാരതയോടും (ഗലാ 5:29) അത് ചെയ്യാൻ തയ്യാറാകണം. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതം മാറ്റൽ പ്രകിയകളിലൂടെയോ ആകാൻ പാടില്ല; അത് അടുപ്പംകൊണ്ടും അനുകമ്പകൊണ്ടും ആർദ്രതകൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും പ്രതിഫലനമായി മാറും.

**2. വിവാഹാഘോഷത്തിലേക്ക്:** ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യകാരുണ്യപരവുമായ വശം.

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന് യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയുണ്ടായി (യോഹ. 10:10 കാണുക); ദൈവം മരണത്തെ

എന്നേക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുൻപിൽ മൃഷ്ടഭോജനത്തിന്റെയും മട്ടൂറിയ വീഞ്ഞിന്റെയും മേശ ഒരുക്കുകയും ചെയ്യും എന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ 25:6-8 കാണുക.)

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ടതാണ്; തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു, "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 1:15), തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരുവാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിതപരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം ഇവിടെ അനുസ്മരിക്കുന്നു: "ദിവ്യനാഥന്റെ പ്രഥമ ആഗമനത്തിന്റെയും ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ് പ്രേഷിതവൃത്തിയുടെ കാലം സ്ഥിതിചെയ്യുന്നത്. അതിനാൽ, ദിവ്യനാഥന്റെ വരവിനുമുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗിക്കപ്പെടണം (മർക്കോ 13:10 കാണുക പ്രേഷിതപ്രവർത്തനം [Ad Gentes], 9).

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിതതിക്ഷ്ണതയ്ക്ക് യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, "കർത്താവ് അടുത്തെത്തിയിരിക്കുന്നു'" എന്ന് അറിയുന്നവരുടെ സന്തോഷത്തോടുകൂടി സുവിശേഷവൽകരണപ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്ക് സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥപരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്തങ്ങളായ "വിരുന്നുകൾ" വിളമ്പുമ്പോൾത്തന്നെ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്ക് ക്ഷണിക്കുന്നു. അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുക എന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്. സഭ കർത്താവിന്റെ കൽപ്പനപ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവൽകരണദൗത്യത്തിന്റെ ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്ത്യവിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യമേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ആ മേശയിൽ കർത്താവ് തന്റെ വചനവും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിച്ചതുപോലെ: "ഓരോ ദിവ്യപൂ

ജാർപ്പണത്തിലും കൗദാശികമായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണ് സാധ്യമാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യവിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ 28:58 കാണുക) അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാസ്വാദനമാണ്. പുതിയനിയമത്തിൽ അത് "കുഞ്ഞാടിന്റെ വിവാഹവിരുന്ന്" (വെളി 19.9) എന്നു വിശേഷിപ്പിക്കപ്പെടുന്നു. അത് വിശുദ്ധരുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്" (സ്നേഹത്തിന്റെ കൂദാശ [Sacramentum Caritatis], 31).

ആകയാൽ, ഓരോ ദിവ്യപൂജാർപണത്തിലും വളരെ ശക്തമാംവിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു, ഏറെ പ്രത്യേകിച്ച് അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ. ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചുപറയുന്നു: "പ്രേഷിതദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യമേശയെ സമീപിക്കാനാവില്ല; ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകലജനതകളിലും എത്തിച്ചേരേണ്ടതാണ് (സ്നേഹത്തിന്റെ കൂദാശ, 84). കോവിഡ് രോഗത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശിക സഭകളും അഭിനന്ദനാർഹമാംവിധത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്ന ദിവ്യകാരുണ്യ നവീകരണ പ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിതചൈതന്യം പുനർജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടുംകൂടെ ആയിരിക്കണം ഓരോ ദിവ്യപൂജയിലും നാം ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, "കർത്താവേ, നിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ് നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!

2025-ലെ ജൂബിലി ആഘോഷത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം സർവ്വോപരി ദിവ്യപൂജാർപ്പണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും സഭയുടെ സുവിശേഷവൽകരണദൗത്യത്തിനായി കൂടുതൽ പ്രാർഥിക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷകന്റെ കൽപന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മറ്റ് ആരാധനക്രമാഘോഷങ്ങളിലും, "അങ്ങയുടെ രാജ്യം വരേണമേ" എന്ന അപേക്ഷയുള്ള "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർഥന ആവർത്തിക്കുന്നതിനു സഭ അറുതി വരുത്തുന്നില്ല. ഈ വിധത്തിൽ ദൈനംദിന പ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കിത്തീർക്കുന്നു. അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവിതത്തിലേക്ക് സഞ്ചരിക്കുന്നു. അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കുംവേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

**3. "എല്ലാവരോടും**: പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിതദൗത്യം.

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്: "എല്ലാവരും." ഞാൻ ഊന്നി പ്പറഞ്ഞതുപോലെ, "ഇതാണ് പ്രേഷിത ദൗത്യത്തിന്റെ ഹൃദയഭാഗം: "എല്ലാവരും," ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിത ദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ജനിക്കുന്നതാണ്, അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ." (പൊന്തിഫിക്കിൽ പ്രേഷിത സംഘങ്ങളുടെ പൊതുസമ്മേളനത്തിനു നൽകിയ പ്രഭാഷണം *[Address to the General Assembly of the Pontifical Missionary Societies]*, ജൂൺ 3, 2023), വിഭജനങ്ങളും ഏറ്റുമുട്ടലുകളുംമൂലം ചിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീസഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യങ്ങളുടെ മദ്ധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും അതേസമയം ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം. 'എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെടണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത് (1 തിമോ 2:4). നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്ന തെന്നു നാം വിസ്മരിക്കരുത്. പുതിയ ബാദ്ധ്യതകൾ അടിച്ചേല്പിക്കുന്നു വെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവ ചക്രവാളം ചൂണ്ടിക്കാണി ക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്ന വരായി നാം കാണപ്പെടണം" (സുവിശേഷത്തിന്റെ സന്തോഷം, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും, അവരുടെ സാമൂഹ്യസാന്മാർഗിക നിലവാരം കണക്കിലെടുക്കാതെതന്നെ, എപ്പോഴും ഹൃദയപൂർവമായ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹ വിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോട് പറയുന്നു. രാജാവിന്റെ ആജ്ഞപ്രകാരം സേവകർ "ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയ വരെയെല്ലാം വിളിച്ചുകൂട്ടി" (മത്താ 22:10). എന്തിനു പറയണം, "ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും" (ലൂക്ക 14:21), ചുരുക്കത്തിൽ, നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വവൽക്കരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥികളായി മാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കും വേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്. കാരണം, നമ്മോട് ഓരോരുത്തരോടു മുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന്, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). രൂപാന്തര

പ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേരാൻ ദൈവം എല്ലാവരെയും, ഓരോ സ്ത്രീയെയും പുരുഷനെയും, ക്ഷണിക്കുന്നു. സൗജന്യമായി ലഭിക്കുന്ന ഈ ദൈവിക ദാനത്തോട ഒരാൾ 'അതെ' എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും "വിവാഹവസ്ത്രം" (മത്താ 22:12 കാണുക) ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കുംവേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവരുടെയും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷയിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയിലേക്കുള്ള സഞ്ചാരം നാം തുടരണം. സിനഡാത്മകത അടിസ്ഥാനപരമായി പ്രേഷിതാത്മകമാണ്. അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവും ആണ്. ആകയാൽ, സാർവ്വത്രികസഭയിലും അതോടൊപ്പം പ്രാദേശികസഭകളിലും ശക്തമായ പ്രേഷിതപരമായ സഹകരണം എന്നത്തേതിനേക്കാൾ ഇന്ന് കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കാൺസിലിന്റെയും എന്റെ മുൻഗാമികളുടെയും പാത പിന്തുടർന്നുകൊണ്ട് പൊന്തിഫിക്കൽ പ്രേഷിത സംഘങ്ങളുടെ (Pontifical Mission Socicties) ശുശ്രൂഷ ലോകം മുഴുവനുമുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. "പേപ്പൽ പ്രേഷിത പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലിക്കർക്ക് അവരുടെ ബാല്യംമുതൽ സാക്ഷാൽ സാർവ്വത്രികവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധനസഹായത്തിനുവേണ്ടി കാര്യക്ഷമമായ പിരിവു നടത്തുന്നതിനും ഉപകരിക്കുന്ന" (പ്രേഷിത്രപവർത്തനം [Ad Gentes, 38) മാർഗങ്ങളാണ് ഈ പ്രേഷിതസംഘങ്ങൾ. അക്കാരണത്താൽ ആഗോളപ്രേഷിതദിനത്തിൽ എല്ലാ പ്രാദേശിക സഭകളിലും നടത്തുന്ന ധനശേഖരണം പൂർണമായും ആഗോള ഐക്യദാർഢ്യത്തിനു വേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് വിശ്വാസപ്രചാരണ പൊന്തിഫിക്കൽ സംഘം (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിത്രപവർത്തന ത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ വർദ്ധിതമായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് നമുക്ക് പ്രാർത്ഥിക്കാം *(മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം ഉപസംഹരിച്ചു കൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം [Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops], ഒക്ടോബർ 23, 2023).*

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിക്കാൻ അഭ്യർഥിച്ച

മറിയത്തിലേക്ക് (യോഹ 2:1–12 കാണുക) നമുക്ക് നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾക്കുമായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാനകാലത്ത് എല്ലാവർക്കും വേണ്ടി ദൈവം ഒരുക്കുന്ന വിവാഹ വിരുന്നിന്റെ ഒരു മുന്നാസ്വാദന മായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവൽകരണദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജമായ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോടുള്ള കരുതലോടുംകൂടെ, അവളുടെ ആർദ്രതയിലും സ്നേഹത്തിലുംനിന്ന് ശക്തിസംഭരിച്ചു കൊണ്ട്, (സുവിശേഷത്തിന്റെ സന്തോഷം, 288 കാണുക) നമ്മുടെ രക്ഷകനായ രാജാവിന്റെ ക്ഷണം എല്ലാവർക്കും നൽകാനായി നമുക്ക് ഇറങ്ങിപുറപ്പെടാം.

"പരിശുദ്ധ മറിയമേ, സുവിശേഷവൽക്കരണതാരമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ."

**ഫ്രാൻസിസ് പാപ്പാ**

(*വിവർത്തനം:* **റവ. ഡോ. ജേക്കബ് പ്രസാദ്,**
പി. ഒ. സി., കൊച്ചി)

*(റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദൈവാലയത്തിൽവച്ച് വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരതിരുനാളിൽ, 2024 ജനുവരി 25-ാം തീയതി നൽകപ്പെട്ടത്.)*

---



വിമലഗിരി കത്തീഡ്രൽ ദൈവാലയത്തോട് ചേർന്നുള്ള നിത്യാരാധന ചാപ്പലിന് മുമ്പിൽ സ്ഥാപിച്ചിരിക്കുന്ന വിമലഗിരി മാതാവിന്റെ ചിത്രം അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ആശിർവദിക്കുന്നു. സഹായ മെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ, കത്തീഡ്രൽ റെക്ടർ മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ എന്നിവർ സമീപം.

# പാത്തെർ നോസ്റ്റർ

**2025**-ലെ ജൂബിലിയുടെ ഒരുക്കമായി ഫ്രാൻസിസ് പാപ്പ 2024 'പ്രാർത്ഥനാവർഷ'മായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും മാതൃകയായി യേശു പഠിപ്പിച്ചതാണ് 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ.....' എന്ന പ്രാർത്ഥന. വിശുദ്ധഗ്രന്ഥവും കത്തോലിക്ക സഭയുടെ മതബോധന ഗ്രന്ഥത്തിന്റെ പഠനവും വിശുദ്ധ സിപ്രിയാനോസിന്റെ പ്രബോധനവും ആധാരമാക്കി യേശു പഠിപ്പിച്ച പ്രാർത്ഥനയുടെ അർത്ഥം കണ്ടെത്തുകയാണിവിടെ.

**ആമുഖം** : ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേയെന്ന ശിഷ്യന്മാരുടെ അപേക്ഷയ്ക്കുള്ള (ലൂക്കാ 11:1) യേശു മറുപടിയാണ് 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ.....' എന്ന പ്രാർത്ഥന(ലൂക്കാ 11:2-4).

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലും വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലുമാണ് ഈ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നത്. ലൂക്കായുടെ സുവിശേഷപ്രകാരം ഈ പ്രാർത്ഥനയിൽ അഞ്ച് അപേക്ഷകൾ അടങ്ങിയിരിക്കുന്നു (ലൂക്കാ 1:1 – 4). എന്നാൽ മത്തായിയുടെ സുവിശേഷപ്രകാരം ഏഴ് അപേക്ഷകൾ ഉൾക്കൊള്ളുന്നു (മത്തായി 6:4-13). ഇതിൽ മത്തായിയുടെ സുവിശേഷത്തിലെ പ്രാർത്ഥനയാണ് സഭയുടെ ആരാധനക്രമ ആഘോഷങ്ങളിൽ ഉപയോഗിച്ചു വരുന്നത്. മത്തായി സുവിശേഷത്തിൽ മലയിലെ പ്രസംഗത്തിന്റെ (മത്തായി 5-7) ഹൃദയഭാഗത്താണ് (മത്തായി 6:4-13) ഈ പ്രാർത്ഥന അടയാളപ്പെടുത്തിയിരിക്കുന്നത്.

ഈ പ്രാർത്ഥനയിലെ ഏഴ് അപേക്ഷകളിൽ ആദ്യത്തെ മൂന്ന് അപേക്ഷകൾ (അങ്ങേ നാമം പൂജിതമാകണമേ, അങ്ങേ രാജ്യം വരേണമേ, അങ്ങേ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ) ദൈവത്തിന്റെ നാമവും രാജ്യവും തിരുമനസ്സും അനുദിനം ജീവിക്കുവാൻ എന്നെ സഹായിക്കണമേ എന്നുള്ള അപേക്ഷകളാണ്. പിന്നീട് വരുന്ന നാല് അപേക്ഷകൾ (അന്നന്നുവേണ്ട ആഹാരം ഇന്ന് ഞങ്ങൾക്ക് തരണമേ, ഞങ്ങളോടു തെറ്റ് ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കേണമേ, ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ) നമ്മുടെ ജീവിതത്തിലേക്ക് ദൈവത്തിന്റെ ഇടപെടലിനെ ക്ഷണിച്ചുകൊണ്ടുള്ളവയാണ്.

'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ.....' എന്ന പ്രാർത്ഥന ഒരു

വ്യക്തിപരമായ പ്രാർത്ഥനയല്ല. ഏകപിതാവിന്റെ മക്കളെന്ന ബോധ്യത്തിൽ ദൈവസന്നിധിയിൽ നമ്മൾ അർപ്പിക്കുന്ന പ്രാർത്ഥനയാണിത്. നമ്മുടെ സ്വാർത്ഥത വെടിഞ്ഞുകൊണ്ട് വേണം ഈ പ്രാർത്ഥന ഉരുവിടുവാൻ. അതുകൊണ്ടാണ് 'ഞങ്ങളുടെ' എന്ന വാക്ക് എട്ടു പ്രാവശ്യം ഈ പ്രാർത്ഥനയിൽ നാം ആവർത്തിക്കുന്നത്. 'എന്റെ പിതാവേ' എന്നല്ല മറിച്ച്, 'ഞങ്ങളുടെ പിതാവേ ' എന്ന്. 'അന്നന്നുവേണ്ട ആഹാരം എനിക്ക് തരണമേ' എന്നല്ല മറിച്ച്, 'ഞങ്ങൾക്ക് തരണമേ' എന്നാണ്. 'എന്നോട് തെറ്റ് ചെയ്യുന്നവരോട് ഞാൻ ക്ഷമിക്കുന്നപോലെ' എന്നല്ല മറിച്ച്, 'ഞങ്ങളോട് തെറ്റ് ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നപോലെ' എന്നാണ്. 'എന്നെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ ' എന്നല്ല മറിച്ച്, 'ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ ' എന്ന്. 'തിന്മയിൽനിന്നും എന്നെ രക്ഷിക്കണമേ' എന്നല്ല മറിച്ച്, തിന്മയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ 'എന്ന്. ദൈവത്തിന്റെ സ്നേഹത്തിന് അതിരില്ലാത്തതുപോലെ നമ്മുടെ പ്രാർത്ഥനയ്ക്കും അതിരുകൾ ഉണ്ടാവരുതെന്നും അതിൽ എല്ലാവരും ഉൾപ്പെടണമെന്നും ഈ പ്രാർത്ഥന നമ്മെ ഓർമിപ്പിക്കുന്നു.

### 1. അങ്ങേ നാമം പൂജിതമാകണമേ

ദൈവത്തിന്റെ നാമം പൂജിതമാകാൻ നമ്മുടെ പ്രാർത്ഥന ആവശ്യമില്ല. കാരണം, ദൈവത്തിന്റെ നാമം എപ്പോഴും വിശുദ്ധമാണ്. 'അങ്ങേ നാമം പൂജിതമാകണമേ ' എന്ന് നമ്മൾ പ്രാർത്ഥിക്കുമ്പോൾ അതിലൂടെ അർത്ഥമാക്കുന്നത് ദൈവനാമത്തിന്റെ വിശുദ്ധി എന്റെ ജീവിതത്തിൽ കാത്തുസുക്ഷിക്കുവാൻ എന്നെ സഹായിക്കണമേയെന്നാണ്. ഒപ്പം ജ്ഞാനസ്നാനവിശുദ്ധിക്ക് കളങ്കമേൽക്കാതെ ജീവിക്കുവാൻ എന്നെ സഹായിക്കണമേയെന്നുള്ള യാചനയും ഈ പ്രാർത്ഥനാഭാഗത്ത് ഉൾപ്പെട്ടിരിക്കുന്നു.

**2. അങ്ങേ രാജ്യം വരേണമേ:** . 'അങ്ങേ നാമം പൂജിതമാകണമേ എന്ന പ്രാർത്ഥനാഭാഗത്തിന്റെ അർത്ഥത്തിന് സമാനമായ രീതിയിൽ വേണം 'അങ്ങേ രാജ്യം വരേണമേ' എന്ന ഭാഗത്തെ വ്യാഖ്യാനിക്കാൻ. ദൈവത്തിന്റെ രാജ്യം എപ്പോഴും നമ്മോടൊപ്പമുണ്ട്. പക്ഷേ അത് തിരിച്ചറിഞ്ഞ് നമ്മൾ ജീവിക്കുന്നുണ്ടോ എന്നുള്ളതാണ് പ്രധാനം. ദൈവത്തിന്റെ രാജ്യത്തിനായി ജീവിക്കുവാൻ എന്നെ സഹായിക്കണമേ യെന്നാണ് ഇവിടെ നാം പ്രാർത്ഥിക്കുന്നത്.

### 3. അങ്ങേ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ

ഇവിടെ നാം ദൈവത്തിന് അവിടുന്ന് ആഗ്രഹിക്കുന്നപ്പോലെ പ്രവർത്തിക്കാനുള്ള അനുവാദം നൽകുകയല്ല, മറിച്ച് ദൈവം ആഗ്രഹിക്കുന്നത് പോലെ ജീവിക്കുവാൻ എന്നെ സഹായിക്കണമേ എന്ന് പ്രാർത്ഥിക്കുകയാണ്. കാരണം ലോകത്തിന്റെ പ്രലോഭനങ്ങൾ മൂലം പലപ്പോഴും

നമുക്ക് ദൈവത്തിന്റെ തിരുമനസ്സിന് തക്കവണ്ണം ജീവിക്കുവാൻ സാധിക്കാതെ വരുന്നു. അതിനാൽ ദൈവത്തിന്റെ സഹായം നമുക്ക് ആവശ്യമാണ്.

'എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആണ് ദൈവം ആഗ്രഹിക്കുന്നത് ' (1 തിമോത്തേയോസ് 2:4).

നമ്മുടെ സ്വന്തം ശക്തികൊണ്ട് ദൈവത്തിന്റെ തിരുമനസ്സിനൊത്തവണ്ണം ജീവിക്കുവാൻ നമുക്ക് സാധിക്കുകയില്ല. അതുകൊണ്ടാണ് 'ദൈവമേ, അങ്ങയുടെ ഇഷ്ടം പോലെ ഈ ഭൂമിയിൽ ജീവിക്കുവാൻ എന്നെ സഹായിക്കണമേ ' എന്ന് നാം പ്രാർത്ഥിക്കുന്നത്. ദൈവഹിതം നിറവേറ്റാൻ ഏറ്റവും നല്ല മാതൃക യേശു തന്നെയാണ്. അവിടുന്ന് പറഞ്ഞിട്ടുണ്ട്: 'ഞാൻ എപ്പോഴും അവിടുത്തേക്ക് (ദൈവപിതാവിന്) ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു." (യോഹന്നാൻ 8 :29). യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ നിറവേറ്റിയതും പഠിപ്പിച്ചതും ദൈവത്തിന്റെ ഇഷ്ടങ്ങളാണ്. ദൈവഹിതം നിറവേറ്റുന്നവരാണ് സ്വർഗത്തിൽ പ്രവേശിക്കുക എന്ന് സുവിശേഷം തന്നെ സാക്ഷ്യം നൽകുന്നു: "കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക ' (മത്തായി 7 : 21).

## 4. അന്നന്നുവേണ്ട ആഹാരം ഇന്ന് ഞങ്ങൾക്ക് തരണമേ

ഭൗതിക ആഹാരത്തേക്കാൾ ഉപരി ആത്മീയ ആഹാരത്തിനു വേണ്ടിയുള്ള അപേക്ഷയാണ് ഈ പ്രാർത്ഥനാഭാഗത്ത് നിഴലിക്കുന്നത്. 'ഞങ്ങളുടെ പിതാവേ" എന്ന് വിളിക്കുന്ന അതേ രീതിയിലാണ് 'ഞങ്ങളുടെ ആഹാരം" എന്ന് പറയുന്നത്. ജീവന്റെ അപ്പമായ ദിവ്യകാരുണ്യത്തിനുവേണ്ടിയും ജീവന്റെ വചനമായ ദൈവവചനത്തിനു വേണ്ടിയുമുള്ള ആഗ്രവും ഇവിടെ വ്യക്തമാണ്. നമ്മുടെ യഥാർത്ഥ ആഹാരം യേശുക്രിസ്തുവാണ്. യേശു തന്നെ പറഞ്ഞിട്ടുണ്ടല്ലോ: "സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ് (യോഹന്നാൻ 6:51). നമ്മുടെ രക്ഷയ്ക്കുള്ള അപ്പം ജീവിക്കുന്ന ക്രിസ്തുവാണ്. അതിനാൽ ക്രിസ്തുവിന്റെ ശരീരത്തിൽ നിന്നും അകന്നു നിൽക്കുന്നവർ രക്ഷയിൽ നിന്നും അകന്നുനിൽക്കുന്നു. അതുകൊണ്ടാണ് രക്ഷയുടെ ആഹാരമായ അവിടുത്തെ തിരുശരീരവും തിരുരക്തവും അനുദിനം ഞങ്ങൾക്ക് നൽകണമേ എന്ന് നാം പ്രാർത്ഥിക്കുന്നത്. 'അനുദിനം' എന്ന പദം നമ്മുടെ ജീവിതത്തിലെ ദിവ്യകാരുണ്യത്തിന്റെ അനുദിനപ്രസക്തി കൂടി ഓർമ്മപ്പെടുത്തുന്നു. അതിനാലാണല്ലോ എല്ലാ ദിവസവും ദൈവാലയങ്ങളിൽ ദിവ്യബലി അർപ്പിക്കപ്പെടുന്നത്.

ഒപ്പം ഈ പ്രാർത്ഥനാഭാഗം ദൈവവചനത്തിനായുള്ള ആഗ്രഹത്തെയും സൂചിപ്പിക്കുന്നു. ആമോസ് പ്രവാചകനിലൂടെ ദൈവം ഓർമിപ്പിക്കുന്നത് ഇവിടെ പ്രസക്തമാണ്; 'ഭക്ഷണക്ഷാമമോ ദാഹജലത്തിനുള്ള വറുതിയോ

അല്ല, കർത്താവിന്റെ വചനം ലഭിക്കാത്തതുകൊണ്ടുള്ള ക്ഷാമമായിരിക്കും അത് ' (ആമോസ് 8 : 11). ദൈവവചനം വായിക്കാനും കേൾക്കാനും ധ്യാനിക്കാനും ഉള്ള അവസരവും സാഹചര്യവും ആഗ്രഹവും നൽകണമെന്ന അപേക്ഷയും ഈ ഭാഗത്ത് ഉൾക്കൊള്ളുന്നു.

### 5. ഞങ്ങളോടു തെറ്റ് ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കേണമേ

ഒരു കൽപ്പനയും ഒരു പ്രതിഫലവും ഈ പ്രാർത്ഥനാഭാഗത്തുണ്ട്. കൽപ്പന നിങ്ങളോട് തെറ്റ് ചെയ്യുന്നവരോട് നിങ്ങൾ ക്ഷമിക്കുക' എന്നുള്ളതാണ്, പ്രതിഫലം 'നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കപ്പെടും' എന്നതും. നമ്മൾ ചെയ്യുന്ന പ്രവർത്തിക്ക് അനുപാതം ആയിട്ടാണ് പ്രതിഫലം ലഭിക്കുക. ഇതിനർത്ഥം പ്രാർത്ഥിക്കുന്ന ആളുടെ മനോഭാവത്തിന് വളരെ പ്രാധാന്യമുണ്ട് എന്നുള്ളതാണ്. മറ്റുള്ളവരോട് ക്ഷമിക്കാതെ നമ്മൾ ക്ഷമ യാചിക്കുന്നത് വിരോധാഭാസം ആണ് എന്ന് യേശു ഓർമിപ്പിക്കുന്നു. പ്രാർത്ഥിക്കുന്ന ആളിൽ ആദ്യം മാറ്റം വരേണ്ട തായിട്ടുണ്ട്.

### 6. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ

ജീവിതത്തിലുണ്ടാകുന്ന പ്രലോഭനങ്ങളോട് ഒരാൾ അടിയറവ് പറയുന്നതിന്റെ ബാഹ്യ അടയാളമാണ് പാപം. അതിനാൽ പ്രലോഭനങ്ങളിൽ ഞങ്ങളെ ഉൾപ്പെടുത്തരുത് എന്ന് പ്രാർത്ഥിക്കുമ്പോൾ പ്രലോഭനങ്ങൾ ഇല്ലാതിരിക്കണമെന്നല്ല മറിച്ച്, ജീവിതത്തിലെ പ്രലോഭ നങ്ങൾക്ക് ഞങ്ങൾ അടിമപ്പെട്ട് പാപത്തിൽ വീഴാൻ ഞങ്ങളെ അനുവദി ക്കരുതേയെന്ന അപേക്ഷയാണ് നാം നടത്തുന്നത്. പ്രലോഭനങ്ങൾ എപ്പോഴും ജീവിതത്തിലുണ്ടാകും. തിരുവചനം തന്നെ അതിന് സാക്ഷ്യം നൽകുന്നുണ്ട്; മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭ നവും നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദി ക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജിവിക്കാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്കു നൽകും" (1 കോറിന്തോസ് 10 : 13). പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള ഏറ്റവും നല്ല മാതൃക ക്രിസ്തു തന്നെയാണ്. തന്റെ പരസ്യജിവിതത്തിലെ പ്രലോഭനവേളകളിൽ അവിടുന്ന് പുലർത്തിയ മനോഭാവം അതിനുള്ള തെളിവാണ്.

### 7. തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ

"ലോകത്തിൽനിന്ന് അവരെ അവിടുന്ന് എടുക്കണം എന്നല്ല, ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണം എന്നാണു ഞാൻ പ്രാർത്ഥി ക്കുന്നത് ' (യോഹന്നാൻ 17 ; 15) എന്ന ക്രിസ്തുവിന്റെ പ്രാർത്ഥനയുടെ നിഴൽ

അവസാനത്തെ ഈ അപേക്ഷയിൽ തെളിഞ്ഞു കാണാവുന്നതാണ്. "കർത്താവേ, എല്ലാ തിന്മകളിലുംനിന്നു ഞങ്ങളെ മോചിക്കണമേ; ഞങ്ങളുടെ ദിനങ്ങളിൽ സമാധാനം കനിവാർന്നു നല്കണമേ. അനുഗ്രഹ പൂർണമായ പ്രത്യാശയും ഞങ്ങളുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട് അങ്ങേ കരുണയുടെ സഹായത്താൽ ശക്തിപ്രാപിച്ച് ഞങ്ങളെപ്പോഴും പാപത്തിൽനിന്ന് മോചിതരാകുകയും എല്ലാ വിപത്തുകളിലും നിന്ന് സുരക്ഷിതരാകുകയും ചെയ്യുമാറാകട്ടെ ' എന്ന ദിവ്യബലിമദ്ധ്യേയുള്ള പുരോഹിതന്റെ പ്രാർത്ഥനയിൽ ഈ അപേക്ഷയുടെ പ്രാധാന്യം വ്യക്തമാണ്.

**ഉപസംഹാരം**

"സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ....' എന്ന പ്രാർത്ഥനയുടെ അവസാനത്തെ 'ആമേൻ! മാതാവിന്റെ ഫിയാത്തിന് സമമാണ്. മറിയം പറഞ്ഞു: "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1:38).

ഈ ആമേൻ! വഴിയായി ഈ പ്രാർത്ഥനയിലൂടെ നമ്മൾ നടത്തിയ അപേക്ഷകൾ ജീവിതത്തിൽ നിറവേറാനുള്ള നമ്മുടെ സമ്മതം അറിയിക്കുകയാണ്. വിശുദ്ധ അഗസ്റ്റിനോസ് പറയുന്നതുപോലെ 'നമ്മുടെ പ്രാർത്ഥനയുടെ ലക്ഷ്യം ദൈവത്തിന്റെ പദ്ധതികളിൽ മാറ്റം വരുത്തുകയെന്നതല്ല മറിച്ച്, ദൈവത്തിന്റെ ഹിതം സ്വീകരിക്കുവാൻ തക്ക രീതിയിൽ നമ്മുടെ ജീവിതത്തെ ഒരുക്കുകയെന്നതാണ് .', സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ......'എന്ന പ്രാർത്ഥന നമ്മുടെ ജീവിതത്തെ തൊടുന്ന പ്രാർത്ഥനാനുഭവവുമായി മാറട്ടെ...

---

# ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരണം

**ജ**സ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ ഉടൻ പ്രസിദ്ധീകരിക്കണമെന്നും ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കണമെന്നും കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ ചങ്ങനാശേരി യൂണിറ്റ് ആവശ്യപ്പെട്ടു.

കെ.എൽ.സി.എ. സംസ്ഥാന ജനറൽ സെക്രട്ടറി, ശ്രീ. ബിജു ജോഷി കരിമാഞ്ചേരി ഉദ്ഘാടനം ചെയ്തു. ബർണാഡ് ലോബോ അധ്യക്ഷത വഹിച്ചു. കെ.എൽ.സി.എ. വിജയപുരം രൂപതാ പ്രസിഡന്റ് എബി കുന്നേൽപറമ്പിൽ, വികാരി ഫാ. മാത്യു ഒഴത്തിൽ, കെ.എൽ.സി.എ. സംസ്ഥാന സെക്രട്ടറി പൂവം ബേബി,. പി.ടി. തോമസ്, ജോൺ ലോബോ എന്നിവർ പ്രസംഗിച്ചു.

# സ്വവർഗ്ഗ ലൈംഗിക ബന്ധത്തെ സഭ അംഗീകരിക്കുന്നു എന്ന് വാദിക്കുന്നവരോട്...

പുരോഗമനവാദികൾ എന്ന് അവകാശപ്പെടുന്ന ചില പ്രസ്ഥാനങ്ങളും മാധ്യമപ്രവർത്തകരും സമൂഹമാധ്യമങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തുന്നവരുമായ ഏതാനും വ്യക്തികളും സ്വവർഗബന്ധങ്ങളെ കത്തോലിക്കാ സഭ അംഗീകരിച്ചു, ഫ്രാൻസീസ് പാപ്പ അംഗീകരിച്ചു എന്നൊക്കെ വാദിച്ച് വ്യാപകമായ തെറ്റിദ്ധാരണ സമൂഹത്തിൽ പ്രചരിപ്പിക്കുന്നുണ്ട്. സ്വവർഗ ബന്ധങ്ങളെ തികച്ചും സ്വാഭാവികമായ ബന്ധങ്ങൾ എന്ന നിലയിൽ അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത 'കാതൽ ദ കോർ' എന്ന സിനിമയുടെ പ്രമേയത്തിലെ അപകടങ്ങളെ കത്തോലിക്കാ സഭയുടെ ധാർമിക - ദൈവശാസ്ത്ര പ്രബോധങ്ങളുടെ വെളിച്ചത്തിൽ സിനിമ റിലീസ് ചെയ്തപ്പോഴും, ഇപ്പോൾ മികച്ച ചലച്ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് കിട്ടിയപ്പോഴും **കെ.സി.ബി.സി. ജാഗ്രത കമ്മീഷൻ** തുറന്നുകാട്ടിയിരുന്നു. ഇനിയും ഇത്തരം വിഷയങ്ങളിൽ സഭാപ്രബോധനങ്ങൾക്കനുസൃതമായ നിലപാട് കമ്മീഷൻ സ്വീകരിക്കും.

വ്യക്തികളെ അവരുടെ ലൈംഗിക ആഭിമുഖ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒറ്റപ്പെടുത്താതെ, വിഭിന്ന ലൈംഗിക ആഭിമുഖ്യങ്ങളുള്ള വ്യക്തികളെയും കാരുണ്യത്തോടെ ഉൾക്കൊള്ളുന്ന സമീപനം സഭ സ്വീകരിക്കുന്നു. കൂദാശാപരമല്ലാത്ത ആശീർവാദം അവർ ആഗ്രഹിക്കുന്നെങ്കിൽ, മറ്റുള്ളവർക്ക് ഉതപ്പ് നൽകാത്ത രീതിയിൽ അത് നല്കാൻ പോലും സഭ വൈദികർക്ക് അനുവാദം നല്കിയിട്ടുണ്ട്. ഈ സമീപനം സഭ സ്വീകരിക്കുന്നു എന്നതിനാൽ വിഭിന്ന ലൈംഗിക അഭിമുഖ്യങ്ങളെ സഭ അംഗീകരിക്കുന്നു എന്നു ചിലർ തെറ്റിദ്ധരിക്കുന്നു. ആ രീതിയിൽ വ്യാപകമായ പ്രചാരണം ഉണ്ടായിട്ടുണ്ട്.

**വാസ്തവം എന്താണ്? സഭ ഇതുവരെയും സ്വവർഗബന്ധത്തെയും സ്വവർഗ്ഗ ലൈംഗിക പ്രവൃത്തികളെയും അംഗീകരിച്ചിട്ടില്ല. ഇത്തരം ബന്ധങ്ങൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുമില്ല.**

ഇത്തരം വിഷയങ്ങളിൽ കത്തോലിക്കാ സഭയുടെ നിലപാടുകൾക്ക് യാതൊരു മാറ്റവും ഇന്നോളം സംഭവിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. കാലാനുസൃതമായ വിശദീകരണങ്ങൾ പലപ്പോഴായി നൽകിയിട്ടുള്ളതിനെ സ്ഥാപിത താൽപ്പര്യങ്ങളോടെ ചിലർ വളച്ചൊടിച്ച് അവതരിപ്പിക്കുന്നത് അനേകരിൽ തെറ്റിദ്ധാരണകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നുള്ളത് വാസ്തവമാണ്. മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള "*കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥ (CCC 2357 - 2359)* ത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള കൃത്യമായ നിലപാടുകൾതന്നെയാണ് പലപ്പോഴായി ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിലൂടെയും പ്രബോധന രേഖകളിലൂടെയും ആവർത്തി

ച്ചിട്ടുള്ളത്. സ്വവർഗ്ഗ ബന്ധങ്ങൾ ധാർമ്മികാധഃപതനമെന്നും സ്വാഭാവിക നിയമങ്ങൾക്ക് എതിരെന്നും യാതൊരു സാഹചര്യത്തിലും അംഗീകരിക്കാൻ സാധ്യമല്ലാത്തതെന്നുമാണ് CCC വ്യക്തമാക്കുന്നത്. എന്നാൽ, ആദരവോടും സഹാനുഭൂതിയോടും പരിഗണനയോടുംകൂടി അവരെ സ്വീകരിക്കണമെന്നും CCC ഉദ്ബോധിപ്പിക്കുന്നു. വിവേചനം പുലർത്തി സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്തുന്നതിനുപകരം ഒരു തിരിച്ചുവരവിനുള്ള ശക്തി അവർക്കു നൽകാൻ എല്ലാവരും പരിശ്രമിക്കണമെന്നാണ് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പറഞ്ഞുവയ്ക്കുന്നത്. "Amoris Laetitia" (2016) എന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക പ്രബോധനത്തിലും, "On the pastoral meaning of blessings 2023" എന്ന, വിശ്വാസ പ്രബോധനസംബന്ധ മന്ത്രാലയത്തിന്റെ പ്രഖ്യാപന രേഖയിലും ഉൾപ്പെടെ ഇതേ നിലപാടുകൾ തന്നെയാണ് ആവർത്തിക്കുന്നത്. എന്നാൽ, തെറ്റിദ്ധാരണാജനകമായ ദുർവ്യാഖ്യാനങ്ങളും വ്യാജപ്രചാരണങ്ങളും പലപ്പോഴായി ഉണ്ടായിട്ടുണ്ട്.

അൽപ്പം മനസിരുത്തി വിഷയത്തെ സമീപിച്ചാൽ വ്യക്തമാകുമായിരുന്നിട്ടും തെറ്റായ മാധ്യമ വാർത്താ ലിങ്കുകൾ ഷെയർ ചെയ്ത് പൊതു സമൂഹത്തെ ആശയക്കുഴപ്പങ്ങളിൽ അകപ്പെടുത്താനും, ഔദ്യോഗിക സഭാ സംവിധാനങ്ങളെ അവഹേളിക്കാനും ശ്രമിക്കുന്നവരുടെ അറിവിലേക്ക് ഇത്തരം വിഷയങ്ങളിലുള്ള സഭയുടെ അടിസ്ഥാന നിലപാടുകളെ സമ്യക്കായി പ്രതിപാദിക്കുന്ന ഏറ്റവും ഒടുവിലത്തെ ദൈവശാസ്ത്ര പ്രഖ്യാപനമായ "*അനന്ത മാഹാത്മ്യം*" (Dignitas Infinita- 2024) കൂടി പരിചയപ്പെടുത്തുന്നു. ഫ്രാൻസിസ് പാപ്പയുടെ അംഗീകാരത്തോടും അനുമതിയോടും കൂടെ വിശ്വാസപ്രബോധനസംബന്ധ മന്ത്രാലയം ഈ വർഷം ഏപ്രിൽ 2 ന് ഇതു പ്രസിദ്ധപ്പെടുത്തി. ഈ പ്രഖ്യാപനത്തിലെ 'മനുഷ്യ മാഹാക്രമ്യത്തിന്റെ ഗുരുതരമായ ചില ലംഘനങ്ങൾ' എന്ന നാലാമത്തെ ഉപശീർഷകത്തിലെ 'ലിംഗ സിദ്ധാന്തം' (ഖണ്ഡിക 55 – 59), 'ലിംഗ മാറ്റം' (ഖണ്ഡിക 60) എന്നീ ഭാഗങ്ങൾ കത്തോലിക്കാ സഭയുടെ അടിസ്ഥാന നിലപാട് വ്യക്തമായി ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുന്നുണ്ട്. സഭയുടെ ഈ വിഷയത്തിലെ നിലപാട് മനസിലാക്കാൻ താത്പര്യം ഉള്ളവർക്ക് അത് വായിക്കാവുന്നതാണ്. മലയാളം തർജ്ജിമ പി.ഒ.സി. (Pastoral orientation Centre, Palarivattom) പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോപ്പികൾ പി.ഒ.സി.യിൽ ലഭ്യമാണ്.

*അതിലെ ചില ഭാഗങ്ങൾ മാത്രം താഴെ കൊടുക്കുന്നു:*

ഖണ്ഡിക 55: പ്രഥമമായി സഭ ആഗ്രഹിക്കുന്ന കാര്യം, "ലൈംഗിക ആഭിമുഖ്യം എന്തെന്നു കണക്കിലെടുക്കാതെതന്നെ ഓരോ വ്യക്തിയും, അവന്റെയും അവളുടെയും മഹാത്മ്യത്തിനൊത്തവിധം, ബഹുമാനിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും വേണം. അന്യായമായ വിവേചനത്തിന്റേതായ എല്ലാ അടയാളങ്ങളും, പ്രത്യേകിച്ച് കൈയേറ്റത്തിന്റെയും ആക്രമണത്തിന്റെയും സ്വഭാവമുള്ളവ ഒഴിവാക്കപ്പെടണം."

ഖണ്ഡിക 56: അതേ സമയം, നിശ്ചയമായും ലിംഗ സിദ്ധാന്തത്തിൽ അന്തർലീനമായിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ സഭ ചൂണ്ടിക്കാട്ടുന്നു.

എല്ലാവരെയും തുല്യരായി കാണുന്നു എന്ന അവകാശത്തിൻമേൽ എല്ലാത്തരം വ്യത്യസ്തതകളെയും നിരാകരിക്കുന്ന തരത്തിലുള്ള വലിയ അപകടത്തിലേക്ക് അത് നയിക്കുന്നു.

ഖണ്ഡിക 57: ലിംഗ സിദ്ധാന്തം അനുശാസിക്കുന്ന വിധത്തിൽ, വ്യക്തിപരമായ ഒരു സ്വയം നിർണ്ണയത്തിന് (self determination) ആഗ്രഹിക്കുമ്പോൾ, മനുഷ്യ ജീവിതം ഒരു ദാനമാണ് എന്ന മൗലികസത്യം അവഗണിച്ചുകൊണ്ട്, സ്വയം ദൈവമാക്കാനുള്ള ആ പുരാതന പ്രലോഭനത്തിന് വഴങ്ങുന്നതിന് തുല്യമാണ്; അത് സുവിശേഷത്തിൽ നമുക്ക് വെളിപ്പെടുത്തി തന്നിട്ടുള്ള യഥാർഥ സ്നേഹത്തിന്റെ ദൈവവുമായി ഒരു മത്സരത്തിൽ ഏർപ്പെടുന്നതിനും തുല്യമാണ്.

ഖണ്ഡിക 58: ലിംഗ സിദ്ധാന്തത്തിന്റെ മറ്റൊരു മുഖ്യമായ വശം അത് ജീവികൾ തമ്മിൽ നിലനിൽക്കുന്ന ഏറ്റവും അടിസ്ഥാനപരമായ വ്യത്യാസം നിഷേധിക്കാൻ താല്പര്യപ്പെടുന്നു എന്നാണ്; അതായത്, ലിംഗപരമായ വ്യത്യാസം.

ഖണ്ഡിക 59: ഈ പ്രത്യയ ശാസ്ത്രം ലൈംഗിക വ്യത്യാസങ്ങൾ ഇല്ലാത്ത ഒരു സമൂഹത്തെ സങ്കൽപ്പിക്കുകയും അങ്ങനെ കുടുംബത്തിന്റെ നരവംശ ശാസ്ത്രപരമായ അടിസ്ഥാനം ഒഴിവാക്കുകയും ചെയ്യുന്നു. ആകയാൽ, ചില കാര്യങ്ങൾ അസ്വീകാര്യങ്ങളായി ഭവിക്കുന്നു. എന്നാൽ ഒരു കാര്യം ഉറപ്പിച്ച് പറയേണ്ടിയിരിക്കുന്നു, 'ജീവശാസ്ത്രപരമായ ലൈംഗികതയും (biological sex) സാമൂഹിക -സാംസ്കാരിക തലത്തിലുള്ള ലൈംഗികതയുടെ പങ്കും (socio-cultural role of sex) തമ്മിൽ വേർതിരിച്ചറിയാനാകും. എന്നാൽ അവ വേർപ്പെടുത്താനാവില്ല." ആകയാൽ, പുരുഷനും സ്ത്രീയും തമ്മിലുള്ള ഒഴിവാക്കാനാവാത്ത ലൈംഗിക വ്യത്യാസം സംബന്ധിച്ച പരാമർശം തമസ്കരിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നിരസിക്കേണ്ടതാണ്: "ദൈവത്തിന്റെ സൃഷ്ടിയുടെ പ്രവർത്തനത്തിൽ നിന്ന് നമുക്ക് പുരുഷത്വവും സ്ത്രീത്വവും വേർപ്പെടുത്താനാവില്ല; അത് നമ്മുടെ തീരുമാനങ്ങൾക്കും അനുഭവങ്ങൾക്കും മുൻപായി നിൽക്കുന്നതാണ്; ജീവശാസ്ത്രപരമായ വശങ്ങൾ അവിടെ സന്നിഹിതമായിരിക്കുന്നത് നിരാകരിക്കാൻ സാധ്യമായ ഒന്നല്ല".

ഇക്കാരണങ്ങളാൽ, കത്തോലിക്കാ സഭ സ്വവർഗ്ഗ വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നു എന്ന് അറിഞ്ഞോ അറിയാതെയോ കരുതുന്നവർ സഭ എന്ത് പറയുന്നു എന്ന് മനസിലാക്കി പ്രതികരിക്കുക. ചിന്താശേഷിയുള്ളവർ എന്ന് കരുതുന്ന ചിലരോ, മാധ്യമപ്രവർത്തകരോ, ക്രൈസ്തവ നാമധാരികൾ തന്നെയോ മറിച്ചുപറയുന്നു എന്നതുകൊണ്ട് വാസ്തവങ്ങൾ അപ്രകാരമല്ലാതാകുന്നില്ല. പുരോഗമന, ആധുനിക ആശയങ്ങൾ എന്ന ലേബലിൽ ലൈംഗിക അരാജകത്വവും ലൈംഗിക വൈകൃതങ്ങളും പ്രോത്സാഹിപ്പിക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്നവരുടെ പ്രചാരണങ്ങളിൽ അകപ്പെടാതെ സൂക്ഷിക്കുക.

**KCBC Jagratha Commission**

*(Social Harmony and Vigilance Commission is an official body of the Kerala Catholic Bishops' Council)*

# നാടിന്റെ വേദനയിൽ പ്രാർത്ഥനയിൽ ഒന്നിച്ച് ഇൻസ്ബ്രൂക്ക് മലയാളി സമൂഹം




വയനാട് ജില്ലയിലെ മേപ്പാടി മേഖലയിലെ ചൂരൽമലയിലും മുണ്ടക്കൈയിലും മറ്റു ഭാഗങ്ങളിലും ശക്തമായ മഴയും കാറ്റും മൂലം ഉണ്ടായ വലിയ ഉരുൾപൊട്ടൽ കേരളത്തെയാകെ വേദനിപ്പിക്കുന്നതാണല്ലോ. വീടുനഷ്ടപ്പെട്ടവർ, വസ്തുവും സമ്പത്തും നഷ്ടപ്പെട്ടവർ, ജീവനും ജീവിതവും നഷ്ടപ്പെട്ടവർ എന്നിങ്ങനെ അവിടത്തുകാർക്കുണ്ടായ നഷ്ട്ടങ്ങൾ വാക്കുകൾക്ക് അതീതമാണ്. അതിനാൽ ആഗസ്റ്റ് 2-ാം തിയതി ആദ്യ വെള്ളിയാഴ്ച വൈകുന്നേരം 7.00ന് ഓസ്ട്രിയയിലെ ക്രനെബിറ്റെൻ ദൈവാലയത്തിൽ ഇൻസ്ബ്രൂക്ക് മലയാളി കൂട്ടായ്മയുടെ നേതൃത്വത്തിൽ വി. കുർബാനയും ആരാധനയും പ്രത്യേക പ്രാർഥനാ ശുശ്രൂഷയും നടത്തി. മലയാളികളുടെ ചാപ്ലിനായി ശുശ്രൂഷ നടത്തുന്ന ഫാ. ജിൻസൺ ദിവ്യബലി അർപ്പിക്കുകയും, തുടർന്ന് തിരികൾ തെളിയിച്ചുകൊണ്ട് ദൈവ കരുണയ്ക്കായി പ്രാർത്ഥിക്കുകയും തൊണ്ണൂറ്റിഒന്നാം സങ്കീർത്തനം ആലപിച്ചുകൊണ്ട് ദൈവ സംരക്ഷണത്തിനായി നാടിനെ സമർപ്പിക്കുകയും ചെയ്തു.

## പരേതരെ സ്മരിക്കാം

### സെപ്റ്റംബർ

| | | |
|---|---|---|
| 01 | (1993) | ഫാ. ദാനിയേൽ തട്ടാരശ്ശേരി |
| 05 | (2011) | ബിഷപ്പ് പീറ്റർ തുരുത്തിക്കോണം |
| 13 | (1997) | ഫാ. ബെനഡിക്റ്റ് ഒ.സി.ഡി. |
| 16 | (1979) | ഫാ. പോൾ കോയിക്കാരൻപറമ്പിൽ |
| 17 | (1949) | ഫാ. കാർമ്മൽ ഒ.സി.ഡി. |
| 17 | (1984) | ഫാ. ഫാബിയൻ ഒ.സി.ഡി. |
| 17 | (2017) | ഫാ. ജോർജ് പറപ്പള്ളി |
| 20 | (1987) | ഫാ. ലോറൻസ് പുതുമന |
| 22 | (2008) | ഫാ. ജോർജ് പാറയിൽ |



## ജന്മദിനാശംസകൾ

Happy Birthday



04 ഫാ. മാത്യു വട്ടമാക്കിൽ

09 ഫാ. ഫ്രാൻസീസ് കമ്പോളത്തുപറമ്പിൽ

09 ഫാ. ജിതിൻ മാത്യു ഫെർണാണ്ടസ്

11. ഫാ. വിൻസെന്റ് പാറമേൽ

16. ഫാ. ജസ്റ്റിൻ കാരംകുന്നേൽ, സി.എഫ്.ഐ.സി.

18. ഫാ. ആന്റണി രാജ് കന്നിശ്ശേരി

20. ഫാ. ഫിലിപ് തേവർകളത്തിൽ

29. ഫാ. ഹിലാരി തെക്കേക്കുറ്റ്

30. ഫാ. ഡെന്നീസ് കണ്ണമാലിൽ

### സെപ്റ്റംബർ

---




കർത്താവിന്റെ വചനം ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. രക്ഷണിയ കർമ്മത്തിൽ തിരുസഭയെ പിതാവായ ദൈവം നയിച്ചത് കാലാകാലങ്ങളിലായി തിരുവചനത്തിലൂടെ ആയിരുന്നു. വചനത്തോടുള്ള തീവ്രമായ ദാഹം ദൈവം മനുഷ്യന്റെ ആത്മാവിൽ നിക്ഷേപിച്ചതും, അവിടുത്തെ അറിഞ്ഞു കണ്ടെത്താനാണ്. തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടേണ്ട വലിയ നിധിയാണ് വിശ്വാസം. അത് സാധ്യമാകുന്നത് വചനത്തെ സ്നേഹിച്ചുകൊണ്ടാണ്. വചനം പഠിക്കാനുള്ള നമ്മുടെ ആഗ്രഹത്തെ അറിഞ്ഞതുകൊണ്ടാണ് കെ.സി.ബി.സി. 25 വർഷങ്ങൾക്കു മുമ്പ് Logos Quiz വിഭാവനം ചെയ്തത്. ഭാഗഭാഗിത്വംകൊണ്ട് ലോകത്തിലെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാം ആണ് ലോഗോസ്. നമ്മുടെ രൂപതയിൽ ഈ ക്വിസ് വളരെ ആവേശകരമായി നടന്നുകൊണ്ടിരിക്കുന്നു. ഈ വർഷം 8030 പേരാണ് നമ്മുടെ രൂപതയിൽ ലോഗോസ് ക്വിസിന് രജിസ്റ്റർ ചെയ്തിരിക്കുന്നത്. **2024 സെപ്റ്റംബർ 29-ാം തീയതി നടത്തുന്ന ലോഗോസ് ക്വിസിൽ** പ്രാർത്ഥനാപൂർവ്വം പഠിച്ച്, നമുക്ക് പങ്കുചേരാം.

# തിരുബാലസഖ്യം
## തിരുവല്ല സോണൽ സംഗമം



തിരുബാലസഖ്യം തിരുവല്ല സോണൽ സംഗമം ചങ്ങനാശേരി മേരിമൗണ്ട് ദൈവാലയ ഹാളിൽ നടന്നു. വികാരി റവ.ഫാ. മാത്യു ഒഴത്തിലച്ചന്റെ പ്രാർത്ഥനയോടെ സംഗമം ആരംഭിച്ചു. ആലപ്പുഴയിൽ നിന്നുള്ള തിരുബാലസഖ്യം റിസോഴ്സ് പേഴ്സൺ ശ്രീ. ഷിബുസാർ, ശ്രീ. ജോബിൻ ജോസ്, കുമാരി ജിൻസി എന്നിവർ സെമിനാറിന് നേതൃത്വം നൽകി. അഭിവന്ദ്യ വിജയപുരം രൂപത സഹായമെത്രാൻ റൈറ്റ്.റവ. ഡോ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപ്പറമ്പിലിനെ മേഖലയിലെ ബഹു. വൈദികരുടെ നേതൃത്വത്തിൽ, ക്ലൂണി സ്കൂളിലെ ബാന്റ് സെറ്റിന്റെ അകമ്പടിയോടെ കുട്ടികൾ ഹാളിലേക്ക് സ്വീകരിച്ചാനയിച്ചു. ബഹുമാനപ്പെട്ട ഫാ. എമ്മാനുവേൽ അഭിവന്ദ്യ പിതാവിനെ സ്വാഗതം ചെയ്തു. അഭിവന്ദ്യ പിതാവ് കുട്ടികൾക്ക് സ്നേഹസന്ദേശം നൽകി. കുട്ടികളെയും ആനിമേറ്റേഴ്സിനെയും ആശീർവ്വദിച്ചതിനുശേഷം അൾത്താരബാലന്മാരുടെ സംഗമത്തിലും പങ്കെടുത്തു.



*കേരള ലത്തീൻ ചരിത്രകാരന്മാരുടെയും എഴുത്തുകാരുടെയും സംഗമം വിമലഗിരി കത്തീഡ്രലിൽ അഭിവന്ദ്യ വടക്കുംതല പിതാവ് ഉദ്ഘാടനം ചെയ്തു.*

# ഇടവക വാർത്തകൾ



**വിമലഹൃദയ ദൈവാലയം കുട്ടിക്കാനം** ഓഗസ്റ്റ് പതിനൊന്നാം തീയതി അൾത്താര ബാലദിനത്തോടനുബന്ധിച്ച് ഇടവകയിലെ അൾത്താര ബാലന്മാരെ ആദരിക്കുകയും ദിവ്യബലിയിൽ അവരെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. വികാരി സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ നേതൃത്വം നൽകി.

---



**കുറുമുള്ളൂർ സെന്റ് മേരീസ്** ദൈവാലയത്തിൽ വൈദീകദിനം ആഘോഷിച്ചു. ഇടവക വൈദീകരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 4ന് ഇടവക വികാരിയായ ബഹു. ആൽബർട്ട് കുമ്പളോലിൽ അച്ചന് വൈദീക ദിനത്തിന്റെ ആശംസകൾ നേരുകയും ആദരിക്കുകയും ചെയ്തു.

മതബോധന ക്ലാസ്സുകൾക്ക് ശേഷം കൂടിയ യോഗത്തിന് സൺഡേ സ്കൂൾ എച്ച്.എം. ജോസഫ് നെല്ലാത്താനം സ്വാഗതം ആശംസിച്ചു.

അധ്യാപകരായ അപർണ രാജു, റോജോമോൻ റ്റി.സി, റോസ്‌ലിൻ, പാരീഷ് കൗൺസിൽ സെക്രട്ടറി ഷാജി താനികുന്നേൽ, സൺഡേ സ്കൂൾ ലീഡർ പ്രീതി മാത്യു എന്നിവർ ആശംസകൾ നേർന്നു. മതബോധന വിദ്യാർത്ഥിനിയായ ജിനു ജോയ് വൈദിക ദിനത്തിന്റെ ആശംസകൾ നേർന്ന് ഗാനം ആലപിച്ചു. തുടർന്ന് വികാരി ആൽബർട്ട് അനുഗ്രഹ പ്രഭാഷണം നടത്തുകയും മതബോധന വിഭാഗത്തിന്റെ സ്നേഹാദരവ് ഏറ്റുവാങ്ങുകയും ചെയ്തു. ശേഷം മധുരം പങ്കുവയ്ക്കുകയും, അസി. എച്ച്. എം. ജോഷി തോമസ് യോഗത്തിന് കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

---



**മദർ തെരേസാ ദൈവാലയം തൊടുപുഴ** ഇടവകയിൽ വൈദിക ദിനാചരണം നടന്നു. മതബോധന വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ബഹുമാനപ്പെട്ട വികാരിയച്ചന് സ്വീകരണം നൽകി. തുടർന്ന് നടന്ന സമ്മേളനത്തിൽ കുട്ടികളും അധ്യാപകരും വിവിധ പരിപാടികൾ അവതരിപ്പിച്ചു. മതബോധന വിഭാഗത്തിൽ നിന്ന് ശേഖരിച്ച 3200 രൂപ ദുരിതാശ്വാസ നിധിയിലേക്ക് വികാരിയച്ചനെ ഏൽപ്പിച്ചു.

അൾത്താര ബാലന്മാരെ പ്രത്യേകം അനുമോദിക്കുകയും വിശുദ്ധിയിൽ വളർന്ന തിരുസഭയ്ക്കും മറ്റ് കുട്ടികൾക്കും മാതൃകയും അഭിമാനവും പകരുന്ന വിശുദ്ധ ജീവിതം നയിക്കാൻ ഇടയാകട്ടെ എന്ന് വികാരി ഫാദർ ഐസക് പടിഞ്ഞാറെകുറ്റ് കുട്ടികളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. ചെറിയ സമ്മാനം ആണെങ്കിൽ പോലും ഒരു ഇടവകയുടെ പ്രാർത്ഥനയും സ്നേഹവും മനസ്സും പ്രതീക്ഷയുമാണ് ഞങ്ങൾ നിങ്ങൾക്ക് നൽകുന്നത് എന്ന് ആശംസകൾ നേർന്ന സിസ്റ്റർ സ്വപ്ന പറഞ്ഞു. ഇടവകയിൽ നിന്ന് പുതുതായി 2 ബാലന്മാരെ അൾത്താര സംഘത്തോട് ചേർത്തു. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും ഇടവകജനം ഒന്നായി പ്രാർത്ഥനാപൂർവ്വം ആഘോഷിച്ചു.



**ചീന്തലാർ സെൻ്റ് സെബാസ്റ്റ്യൻസ്** ഇടവകയിൽ സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണ തിരുനാളും ആഘോഷിച്ചു. കുട്ടികൾക്കായി ഗ്രൂപ്പടി സ്ഥാനത്തിൽ ടാബ്ലോ, ദേശഭക്തിഗാനം, പ്രസംഗം, ചിത്രരചന എന്നീ മത്സരങ്ങൾ നടത്തി. വികാരി ഫാ. സെബാസ്റ്റ്യൻ വെളിയിൽ കുട്ടികൾക്ക് ആശംസ അറിയിച്ച് സന്ദേശം നൽകി.

---



**ദളിത്ക്രൈസ്തവർക്ക് നീതി നിഷേധിക്കുന്നത് ഭരണഘടനാ വിരുദ്ധം:** ജസ്റ്റിസ് സൺഡേ ദിനാചരണത്തിൻ്റെ ഭാഗമായി ഡി.സി.എം.എസ്. പട്ടിത്താനം യൂണിറ്റ് നടത്തിയ 'SIMERA.2024' കുടുംബ സംഗമം ശ്രീ. ഫ്രാൻസിസ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്തു. ക്രൈസ്തവമത വിശ്വാസത്തിൻ്റെ പേരിൽ നീതി നിഷേധിക്കപ്പെടുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് ഫ്രാൻസിസ് ജോർജ് എം.പി. പറഞ്ഞു. പട്ടിത്താനം സെൻ്റ് ബോണിഫസ് ഇടവകയിൽ നടന്ന ചടങ്ങിൽ മേഖല പ്രസിഡൻ്റ് സി.പി.തോമസ് അധ്യക്ഷത വഹിച്ചു. സഹായമെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. വിശിഷ്ടാതിഥികളായ ഫ്രാൻസിസ് ജോർജ് എം.പി., ജസ്റ്റിൻ മഠത്തിപ്പറമ്പിൽ പിതാവ്, ഫൊറോന വികാരി ഫാ.അഗസ്റ്റിൻ കല്ലറയ്ക്കൽ എന്നിവരെ മേഖലാ ഡയറക്ടർ ഫാ.തോമസ് തച്ചിലാടി പൊന്നാടയണിയിച്ച് സ്വീകരിച്ചു. പട്ടിത്താനം ഫൊറോനയിലെ ഇടവക സമിതി സെക്രട്ടറിമാരെ മെമ്മൻ്റോ നൽകി ആദരിക്കുകയുണ്ടായി. മേഖലാതല വൈവാഹിക പദ്ധതി ഫാ.അഗസ്റ്റിൻ കല്ലറയ്ക്കൽ ഉദ്ഘാടനം ചെയ്തു. എസ്.എസ്.

എൽ.സി., പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികൾക്ക് കെ.സി. ബി.സി. ഏർപ്പെടുത്തിയ സ്കോളർഷിപ്പ് അഭിവന്ദ്യ ജസ്റ്റിൻ പിതാവ് വിതരണം ചെയ്തു. രൂപതാ ഡയറക്ടർ ഫാ.ജോസഫ് തറയിൽ, രൂപതാ പ്രസിഡന്റ് ജോയി കൂനാനിക്കൽ കെ.എൽ.സി.ഡബ്ലിയു. എ. മേഖലാ പ്രസിഡന്റ് ലിസ്സി പോൾ എന്നിവർ ആശംസകൾ നേർന്ന് പ്രസംഗിച്ചു. മേഖല ഓർഗനൈസർ ആർട്സൺ പൊതി സ്വാഗതവും യൂണിറ്റ് പ്രസിഡന്റ് ജോസഫ് ബോനിഫസ് കൃതജ്ഞതയും പറഞ്ഞു. തുടർന്ന് സ്നേഹ വിരുന്നും നടത്തി.



**കുറുമുള്ളൂർ സെന്റ് മേരീസ്** ദൈവാലയത്തിൽ കൂദാശ സ്വീകരണ തിരുകർമ്മങ്ങൾ നടത്തപ്പെട്ടു. വിവിധ കൂദാശ സ്വീകരണ തിരുക്കർമ്മ ത്തിനു വെരി.റവ.ഫാ. അജി ചെറുകാക്രാംഞ്ചേരി മുഖ്യ കാർമ്മികനായിരുന്നു. റവ. ഫാ. ഡെന്നീസ് കണ്ണമാലിൽ ആമുഖ സന്ദേശം നൽകി. റവ. ഫാ. അഗസ്റ്റിൻ കല്ലറയ്ക്കൽ വചന സന്ദേശം നൽകുകയും, റവ.ഫാ. തോമസ് പഴവക്കാട്ടിൽ വ്യാകുല മാതാവിനോടുള്ള പ്രതിഷ്ഠാ തിരുക്കർമ്മത്തിന് നേതൃത്വം നൽകി. റവ.ഫാ. ഔസേപ്പ് പുത്തൻപറമ്പിൽ കൂദാശ സ്വീകരിച്ചവർക്ക് ആശംസകൾ നേർന്നു. 25 പേര് ജ്ഞാനസ്നാനം സ്വീകരിക്കുകയും, 16 പേർ ആദ്യകുർബ്ബാന സ്വീകരിക്കുകയും, 18 പേർ സ്ഥൈര്യലേപനം സ്വീകരിക്കുകയും, 6 ദമ്പതികളുടെ വിവാഹം കുദാശ ചെയ്യപ്പെടുകയും ചെയ്തു.



*കുറുമുള്ളൂർ സെന്റ് മേരീസ് - ഏകദിന ധ്യാനത്തിൽ പങ്കെടുത്തവർ*

ആദരാഞ്ജലികൾ



**അച്ചാമ്മ തോമസ്**
**മണിയാഞ്ചിറ**
**സിസ്റ്റർ ജ്യോതി ഹോളിക്രോസിന്റെ വത്സലമാതാവ്**

ആദരാഞ്ജലികൾ



**ജെസ്സി ജിന്നപ്പൻ**
**പാമ്പനാർ**
**സിസ്റ്റർ റൂബി SCCG, സിസ്റ്റർ റൂബിജി CTC എന്നിവരുടെ വത്സലമാതാവ്**

**സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ** - മതബോധന വിദ്യാർത്ഥികൾ സെമിത്തേരി സന്ദർശനം നടത്തി. ഫൊറോനാതല മതബോധന മീറ്റിംഗിൽ ഉരുത്തിരിഞ്ഞ ആശയത്തിന്റെ ഫലമായി 25-08-2024 ഞായറാഴ്ച മതബോധന ക്ലാസുകൾക്ക് ശേഷം അധ്യാപകരും കുട്ടികളും ബഹു. വികാരി ആൽബർട്ട് കുമ്പളോലിലിന്റെ നേതൃത്വത്തിൽ ഇടവകയിലെ സെമിത്തേരി സന്ദർശിക്കുകയും മരിച്ച വിശ്വാസികൾക്ക് വേണ്ടിയുള്ള പ്രർത്ഥന ചൊല്ലുകയും ചെയ്തു. നമ്മുടെ ഇടയിൽ നിന്നും ഇഹലോകവാസം വെടിഞ്ഞ എല്ലാ പൂർവ്വീകർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ നാമോരുരുത്തരും കടപ്പെട്ടവരാണ് എന്ന് അച്ചൻ ഓർമ്മിപ്പിച്ചു. എല്ലാ മാസത്തിലെയും അവസാന ഞായറാഴ്ച സെമിത്തേരി സന്ദർശനവും പ്രാർത്ഥനയും നടത്താൻ തീരുമാനം എടുക്കുകയും ചെയ്തു.



# അഭിനന്ദനങ്ങൾ



അമയന്നൂർ തിരുഹൃദയ ദൈവാലയ ഇടവകാംഗമായ ചാക്കോയുടെയും, സജിനിയുടെയും മകൾ
**അഷ്മി ചാക്കോ**
BAMS പരീക്ഷയിൽ ഉന്നത വിജയം നേടി.



SSLC പരീക്ഷയിൽ മുഴുവൻ A+
**നേടിയ സ്റ്റെഫി സാബു തടത്തിൽ**
തിരുവല്ല സെന്റ് ജോസഫ്സ് ഇടവകാംഗമാണ്.



**വയോജനദിനം – ആണ്ടൂർ മൗണ്ട് കാർമ്മൽ റോമൻ കാത്തോലിക് ചർച്ച്**



വൈദിക ദിനത്തിൽ പാമ്പനാർ SH ദൈവാലയ സഹവികാരി ഫാദർ ജോമിനെ Catechetical Department ആശംസകൾ നേർന്ന് ആദരിക്കുന്നു.

# വയനാട് പുനരധിവാസ നിധി







## വയനാട് പുനരധിവാസ നിധി – വെള്ളിയാമറ്റം സെന്റ് ജോസഫ്സ് ഇടവക

**വ**യനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിനിരയായവരെ പുനരധിവസിപ്പിക്കാനുള്ള ദൗത്യത്തിന്റെ ഭാഗമായി ശേഖരിക്കുന്ന സഹായനിധിയിലേക്ക് വെള്ളിയാമറ്റം സെന്റ് ജോസഫ്സ് ഇടവകയിൽ സ്വരൂപിച്ച 20500 രൂപ









വികാരി ഫാ.മാത്യു മഠത്തിൽ നിന്ന് വി.എസ്.എസ്. അസി.ഡയറക്ടർ ഫാ. ലിനോസ് ബിവേര ചുള്ളിക്കപ്പറമ്പിൽ ഏറ്റുവാങ്ങി.

### വയനാട് പുനരധിവാസ നിധി – വണ്ടിപ്പെരിയാർ ഇടവക

വയനാട് പുനരധിവാസ നിധിയിലേക്ക് വണ്ടിപ്പെരിയാർ ഇടവക സ്വരൂപിച്ച 1,51,851 രൂപ വികാരി ഫാ. ഫ്രാൻസിസ് നെടുംപറമ്പിൽ സഹായ മെത്രാൻ അഭി. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിൽ പിതാവിന് കൈമാറി. ഇതോടോപ്പം വണ്ടിപ്പെരിയാർ 'ക്ലൂണി' സന്യാസ സമൂഹം 20000 രൂപയും സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം എൽ.പി.സ്ക്കൂൾ 30000 രൂപയും സംഭാവന നൽകി. ഈ ഇനത്തിൽ ആകെ 2,01881 (രണ്ടു ലക്ഷത്തി ആയിരത്തി എണ്ണൂറ്റി എൺപത്തിയൊന്ന്) രൂപയാണ് വണ്ടിപ്പെരിയാറിൽ നിന്ന് ലഭിച്ചത്.

### വയനാട് പുനരധിവാസ നിധി – പാക്കിൽ സെന്റ് തേരേസാസ് ഇടവക

വയനാട് ഉരുൾപൊട്ടൽ ദുരന്തമേഖലയുടെ പുനരധിവാസദൗത്യത്തിന്റെ ഭാഗമായി ശേഖരിക്കുന്ന നിധിയിലേക്ക് പാക്കിൽ സെന്റ് തേരേസാസ് ഇടവക സ്വരൂപിച്ച ഒരു ലക്ഷത്തി അയ്യായിരം രൂപ വികാരി ഫാ.ജോസഫ് കാനപ്പിള്ളി സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലിന് കോട്ടയം മേഖലയിലെ വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ വച്ച് കൈമാറുന്നു.

### വയനാട് പുനരധിവാസ നിധി – തെള്ളകം സെന്റ് മേരീസ് ഇടവക

വയനാട് ദുരന്തമേഖലയുടെ പുനരധിവാസത്തിനായി ശേഖരിക്കുന്ന സഹായ നിധിയിലേക്ക് തെള്ളകം സെന്റ് മേരീസ് ഇടവക സമാഹരിച്ച 1,39,621 (ഒരു ലക്ഷത്തിമുപ്പത്തി ഒൻപതിനായിരത്തി അറുനൂറ്റി ഇരുപത്തിയൊന്ന്) രൂപ ആനിമേറ്റർ ജോളി ബാബു വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേരയ്ക്ക് കൈമാറുന്നു.

---

## ദ്വിദിന ശില്പശാല

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ പുതിയതായി നിയമിതരായ ഓഫീസ് ജീവനക്കാർ, ആനിമേറ്റർമാർ എന്നിവർക്ക് സൊസൈറ്റി ശാക്തീകരണ പ്രക്രിയയുടെ ഭാഗമായി സംഘടിപ്പിക്കാറുള്ള 'ഇൻഡക്ഷൻ' ദ്വിദിന ശില്പശാല അമലനിലയത്തിൽ ഡയറക്ടർ ഫാ.അഗസ്റ്റിൻ ബിനോയ് മേച്ചരിൽ ഉദ്ഘാടനം ചെയ്തു.

നാം ഒരു പ്രത്യേക കാഴ്ചപ്പാടിന്റയും, ദൗത്യത്തിന്റെയും അടിസ്ഥാനത്തിലുള്ള പ്രവർത്തനമാണ് അവലംബിക്കുന്നത്. ജനങ്ങളെ ബന്ധപ്പെട്ട് അവരെ

നമ്മിലേക്ക് ഉൾച്ചേർക്കുകയും അവരുയി ഹൃദയബന്ധം സ്ഥാപിച്ച് അവരെ സൊസൈറ്റിയുടെ തന്നെ ഭാഗമാക്കുകയും ചെയ്യുന്ന ശൈലിയാണിത്. ഇത് സാദ്ധ്യമാകണമെങ്കിൽ പ്രവർത്തകർക്ക് സൊസൈറ്റിയെക്കുറിച്ച് അറിവുണ്ടാകണം. അതിന്റെ അന്തസത്ത് ഉൾക്കൊള്ളണം അതുവഴി പ്രസ്ഥാനത്തെ നമ്മിലേക്ക് സന്നിവേശിപ്പിക്കണം. അപ്പോഴാണ് നമ്മുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരുടേതിൽ നിന്നും വ്യത്യസ്തമാവുന്നത് അതിനുള്ള പ്രരണ നൽകുക എന്നതാണ് ഈ ശില്പശാലയുടെ ഉദ്ദേശ്യം. ഉദ്ഘാടന സന്ദശത്തിൽ ഫാ.അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ചൂണ്ടിക്കാട്ടി. തുടർന്ന് സൊസൈറ്റിയുടെ ഘടന, കാഴ്ചപ്പാട്, ദൗത്യം, ഫലാധിഷ്ഠിത കൃത്യ നിർവ്വഹണം എന്നിവയിൽ അദ്ദേഹം ക്ലാസ്സ് നയിച്ചു. അസി.ഡയറക്ടർ ഫാ. ലിനൂസ് ബിവേര ചുള്ളിക്കപ്പറമ്പിൽ സാമൂഹ്യപ്രവർത്തനത്തിൽ സമൂഹ മാധ്യമങ്ങളുടെ കാര്യക്ഷമവും, ഗുണപരവുമായ വിനിയോഗം എന്ന വിഷയത്തിൽ ക്ലാസ്സ് നൽകി.

സാമൂഹ്യപ്രവർത്തനത്തിന്റെ ശാസ്ത്രീയ അടിത്തറ അതിന്റെ നൈതികവും പ്രവർത്തിപരവുമായ പരിധികൾ, ആശയവിനിമയം വ്യക്തിബന്ധം സൂക്ഷിക്കൽ ഇവയുടെ വൈദഗ്ധ്യം എന്നിവയിൽ സി.ബെന്റ്ലി താടിക്കാരൻ ക്ലാസ്സ് നയിച്ചു. ജനകീയ വികസനസമിതി ഇതിൽ ആനിമേറ്ററുടെ പങ്ക് ടാർഗിറ്റ്, മുൻ ആസൂത്രണം ബാലവേദി പ്രവർത്തനങ്ങൾ ഇവയിൽ പ്രോഗ്രാം ഓഫീസർ സെബാസ്റ്റ്യൻ മറ്റത്തിലും ആനിമേഷൻ ആശാകിരണം എന്നിവയിൽ കോ-ഓർഡിനേറ്റർ പ്രമീളാ ജോർജ്ജും വീ-ഷെയർ ആക്സി പദ്ധതികളെക്കുറിച്ച് മോൻസി ജോർജ്ജും, സംഘപ്രവർത്തനങ്ങൾ, ഭിന്നശേഷി പുനരധിവാസം എന്നിവയിൽ ടി.കെ രാജുവും ക്ലാസ്സ് നൽകി. സമാപന വിലയിരുത്തൽ യോഗത്തിൽ ഫാ.അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഫാ. ലിനോസ് ബിവേര ചുള്ളിക്കപ്പറമ്പിൽ എന്നിവർ അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

## ആശാകിരണം രോഗിസഹായ നിധിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ച് നൽകിയ തുക

| | | |
|---|---|---|
| മണ്ണയ്ക്കനാട് | - | 5000 |
| കുന്നുംഭാഗം | - | 500 |
| പാല | - | 10,000 |
| പട്ടിത്താനം | - | 25,000 |
| തെള്ളകം | - | 3,000 |
| പാമ്പനാർ | - | 5,000 |

**ചികിത്സാ സഹായം നല്കിയത്**

| | | |
|---|---|---|
| വടവാതൂർ | - | 5000 |
| പൊതുവായത് | - | 5000 |



കണ്ണൂർ രൂപതയുടെ നിയുക്ത സഹായ മെത്രാൻ

**റൈറ്റ്. റവ.ഡോ. ഡെന്നീസ് കുറുപ്പശ്ശേരി**

പിതാവിന് വിജയപുരം രൂപതയുടെ

**പ്രാർത്ഥനാശംസകൾ**



ചങ്ങനാശ്ശേരി അതിരൂപതയുടെ
നിയുക്ത ആർച്ച് ബിഷപ്പ്

**മാർ തോമസ് തറയിൽ**

പിതാവിന് വിജയപുരം രൂപതയുടെ

**പ്രാർത്ഥനാശംസകൾ**

## പീറ്റർ തുരുത്തിക്കോണം പിതാവിന്റെ 13 – ാം ചരമവാർഷികം



**ദിവ്യബലി**

സെപ്റ്റംബർ 5 രാവിലെ 6.30-ന്
വിമലഗിരി കത്തീഡ്രലിൽ

SEPTEMBER 2024
Vol. 17 • Issue 9
Published on
1st September 2024

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
Union Bank of India



**Kodimatha Branch**
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013

# യൂണിയൻ ഗോൾഡ് ലോൺ

**KCC** സ്വർണ്ണ വായ്പ **4%*** പലിശ മാത്രം

- ഗ്രാമിന് പരമാവധി **4722 രൂപ** വരെ
- 100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ
- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർന്ന ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply



കൂടുതൽ വിവരങ്ങൾക്ക് :
**0481-2581213, 8369774730, 7012204575**

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala # 0481-2566180.